LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഭൂജലസംരക്ഷണത്തിനും ഭൂജല പരിപോഷണത്തിനുമായി ഭൂജല സംരക്ഷണവും കൃത്രിമ ഭൂജല സംപോഷണവും എന്ന പദ്ധതി ഭൂജല വകുപ്പ് നടപ്പാക്കിവരുന്നു. സംസ്ഥാനത്ത് ഭൂജലനിരപ്പ് വർദ്ധിപ്പിക്കുന്നതിനായി അനുയോജ്യമായ സ്ഥലങ്ങളിൽ തടയണകൾ, അടിയണകൾ, മഴക്കുഴികൾ, ഇറക്കുകിണർ വഴിയുള്ള ഭൂജല സംപോഷണം എന്നീ പദ്ധതികൾ വകുപ്പ് നടപ്പിലാക്കിവരുന്നുണ്ട്. രാജീവ് ഗാന്ധി കുടിവെള്ള പദ്ധതി, വരൾച്ചാദുരിതാശ്വാസ പദ്ധതി, എം.എൽ.എ., എസ്.ഡി.എഫ്., എം.പി.എൽ.എ.ഡി.എ.ആർ.ഡബ്ല്യൂ., എസ്.എസ്. തിരല പഞ്ചായത്ത്/മറ്റ് സർക്കാർ വകുപ്പുകളുടെ ഡെപ്പോസിറ്റ് പദ്ധതി എന്നിവയിലുൾപ്പെടുത്തി ചെറുകിട കുടിവെള്ള പദ്ധതികൾ നിലവിലില്ലാത്ത സ്ഥലങ്ങളിൽ പൊതുജനങ്ങൾക്ക് ഗുണനിലവാരമുള്ള കുടിവെള്ളം കുറഞ്ഞ ചെലവിൽ ലഭ്യമാക്കുക എന്നതാണ് ഈ പദ്ധതികൊണ്ട് ലക്ഷ്യമിടുന്നത്.

(ബി) ഉണ്ട്. ഇറക്കു കിണർ വഴിയുള്ള ഭൂജലസംപോഷണം ഭൂജലസംരക്ഷണവും ഭൂജലസംപോഷണവും എന്ന പദ്ധതിയിൻകീഴിൽ നടപ്പാക്കിവരുന്നു.

(സി) ഇല്ല.

(ഡി) ഭൂജലസംരക്ഷണവും കൃത്രിമ ഭൂജലസംപോഷണവും എന്ന പദ്ധതി ഭൂജല വകുപ്പ് സംസ്ഥാനവ്യാപകമായി നടപ്പാക്കിയിട്ടുണ്ട്.

ഭൂഗർഭ ജലചൂഷണം

177(878) ശ്രീ. പി. ഉബൈദുള്ള :
ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി :
ശ്രീ. സി. മമ്മൂട്ടി :
ശ്രീ. പി. കെ. ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഭൂഗർഭജലചൂഷണം ക്രമാതീതമാണെന്ന റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) തമിഴ്നാട്ടിൽനിന്നുള്ള യന്ത്ര സഹായത്താൽ കുഴൽക്കിണർ നിർമ്മാണം വ്യാപകമായിരിക്കുന്ന സാഹചര്യത്തിൽ ഭൂഗർഭ ജലശോഷണം പരിഹരിക്കാൻ എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(സി) കുഴൽക്കിണർ അനുബന്ധ അപകടങ്ങൾ ഉണ്ടാകാതിരിക്കാനുള്ള മുൻകരുതൽ നടപടികൾക്ക് തുടക്കം കുറിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ജലലഭ്യതയുടെ അടിസ്ഥാനത്തിൽ സംസ്ഥാനങ്ങളിൽ പാറശാല ജില്ലയിലെ ചിറ്റൂർ ബ്ലോക്ക് മാത്രമാണ് അതിപൂഷണ ബ്ലോക്കായി തരംതിരിച്ചിട്ടുള്ളത്. ഇവിടെ ഭൂജലം ഉപയോഗിക്കുന്നതിന് ശക്തമായ നിയന്ത്രണങ്ങൾ ഏർപ്പെടുത്തുകയും കൃത്രിമ ഭൂജലസംപോഷണ മാർഗ്ഗങ്ങൾ നടപ്പാക്കുകയും ചെയ്യുന്നുണ്ട്.

(ബി) സംസ്ഥാനത്ത് ഭൂജലം സംരക്ഷിക്കുന്നതിനും അതിന്റെ പൂഷണം ഉപയോഗം എന്നിവ ക്രമീകരിക്കുന്നതിനും വ്യവസ്ഥ ചെയ്യുന്ന കേരള ഭൂജലം (നിയന്ത്രണവും ക്രമീകരണവും) ആക്ട് 2002 നിലവിലുണ്ട്. ഈ ആക്ടിന്റെ വ്യവസ്ഥകളുടെ അടിസ്ഥാനത്തിൽ സംസ്ഥാനത്തെ അഞ്ച് ബ്ലോക്കുകൾ വിജ്ഞാപനം ചെയ്യപ്പെട്ടിട്ടുണ്ട്. ഈ ബ്ലോക്കുകളിൽ കുഴൽക്കിണർ നിർമ്മിക്കുന്നതിന് നിയന്ത്രണമേർപ്പെടുത്തിയിട്ടുണ്ട്. മറ്റ് ബ്ലോക്കുകളിൽ കാർഷിക കാർഷികേതര ആവശ്യങ്ങൾക്ക് കുഴൽക്കിണർ നിർമ്മിക്കുന്നതിന് നിയന്ത്രണമില്ല. കുഴൽക്കിണർ നിർമ്മിക്കുന്ന സ്വകാര്യ ഡ്രില്ലിംഗ് റിഗ്ഗുകൾ സംസ്ഥാനത്ത് ഭൂജല അതോറിറ്റിയിൽ രജിസ്റ്റർ ചെയ്യണമെന്ന വ്യവസ്ഥ നിലവിലുണ്ട്.

(സി) ബഹുമാനപ്പെട്ട സുപ്രീം കോടതി നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ കുഴൽക്കിണർ അനുബന്ധ അപകടങ്ങൾ ഉണ്ടാകാതിരിക്കാനുള്ള മുൻകരുതൽ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

യു.ഐ.ഡി.എസ്.എസ്.എം.റ്റി. പദ്ധതി

178(879) ശ്രീ. എം. ഹംസ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒറ്റപ്പാലം നഗര ശുദ്ധജലവിതരണ പദ്ധതിയായ യു.ഐ.ഡി.എസ്.എസ്.എം.റ്റി. കമ്മീഷൻ ചെയ്തോയെന്ന് വ്യക്തമാക്കാമോ; എങ്കിൽ എന്നാണ് കമ്മീഷൻ ചെയ്തത്;

(ബി) പ്രസ്തുത പദ്ധതിയിൽപ്പെടുത്തി എത്ര വാട്ടർ കണക്ഷൻ നൽകിയിട്ടുണ്ടെന്ന് അറിയിക്കുമോ ;

(സി) യു.ഐ.ഡി.എസ്.എസ്.എം.റ്റി. പദ്ധതിക്കായി ചെലവഴിച്ച തുകയുടെ വിശദാംശം ലഭ്യമാക്കാമോ?